ജന്മഭൂമി
ഓണപ്പതിപ്പ് 2018



# അന്നദാനത്തിലൂടെ ഒരുവലിയ കുടുംബം ജീവിക്കുന്നു





ഇല്ലാത്തവനെസഹായിക്കുക, എന്നത് മനുഷ്യജന്മത്തിൽ ചെയ്യുന്ന ഏറ്റവും വലിയ പുണ്യമാണ് വിശക്കുന്നവന് ഒരു നേരത്തെ ഭക്ഷണം നൽകുക വഴി മനുഷ്യജന്മത്തിൽ ചെയ്ത പാപങ്ങൾ കഴുകിക്കളയാനാകും. അതിലൂടെ ലഭിക്കുന്ന ആത്മനിർവൃതിയും സന്തോഷവും ഒന്ന് വേറെ.

പ്രിയപ്പെട്ടവരുടെ വേർപാടിന്റെ ഓർമ്മ നാളുകൾ, മക്കളുടേയും ചെറുമക്കളുടേയും പിറന്നാൾ ആഘോഷങ്ങൾ, വിവാഹ വാർഷികദിനങ്ങളിൽ ഒരുനേരത്തെ അന്നദാനം ചെയ്യാൻ തയ്യാറാകുന്ന നന്മ നിറഞ്ഞ മനുഷ്യഹൃദയങ്ങളെ ഗാന്ധിഭവൻ കുടുംബാംഗങ്ങൾ ഇന്ന് നേരിൽ കാണുന്നു. തങ്ങളെ വേണ്ടെന്നു പറഞ്ഞുപേക്ഷിച്ചവരെ കാത്തുകാത്തിരുന്ന് നിരാശരായ അവരെ സന്ദർശിക്കുവാനെത്തുന്നവരെല്ലാം അവർക്കു ദൈവത്തെ പോലെയും.

ഗാന്ധിഭവൻ പോലെ ജാതിക്കും മതങ്ങൾക്കും അതീതമായി ഭാഷയുടെ അതിർവരമ്പുകളില്ലാത്ത മറ്റൊരു മതേതര കൂട്ടുകുടുംബം ലോകത്തെങ്ങും കാണാനാവില്ല. മക്കളുപേക്ഷിച്ച അച്ഛനമ്മമാർഅടങ്ങിയ വയോജനങ്ങളാണ് ഗാന്ധിഭവൻ കുടുംബാംഗങ്ങളിൽ ഭൂരിപക്ഷവും. മാതാപിതാക്കളുപേക്ഷിച്ച കുട്ടികളുമുണ്ട്.

സദാസമയവും ഉപേക്ഷിക്കപ്പെടുന്നവർക്കായി തുറന്നിട്ടിരിക്കുന്ന വാതിലുകളാണ് ഗാന്ധിഭവന്റേത്. അതിനുള്ളിൽ കയറിച്ചെന്നാൽ ദൈവസാന്നിധ്യം അറിയാമെന്ന് സമൂഹത്തിന്റെ നാനാതുറകളിലുള്ള വിശിഷ്ട വ്യക്തികൾ പറയുന്നു. ജീവിതം നഷ്ടമായവർക്കാണ് ഡോ. പുനലൂർ സോമരാജൻ ഇവിടെ പുതിയ പ്രതീക്ഷകളും സാന്ത്വനവും പകർന്നു നൽകിയിരിക്കുന്നത്. ഒരുനാൾ ഒരമ്മയ്ക്ക് അഭയം നൽകി തുടക്കം കുറിച്ച സ്ഥാപനത്തിൽ ഇന്ന് ആയിരത്തി നൂറോളം അംഗങ്ങളാണുള്ളത്. ഭക്ഷണം, അവർക്കുള്ള വസ്ത്രം, താമസസൗകര്യം, ചികിത്സാചിലവ് എന്നിവയടക്കം ഭാരിച്ച ബാധ്യതകളാണ് ഗാന്ധിഭവൻ അഭിമുഖീകരിക്കുന്നത്. സന്മനസുള്ളവർ നൽകുന്ന അന്നദാനത്തിനുള്ള സഹായം ഒന്നുകൊണ്ടുമാത്രമാണ് ഗാന്ധിഭവന്റെ മുന്നോട്ടുള്ള പ്രയാണം നടക്കുന്നത്.

നാടിന്റെ നാനാഭാഗങ്ങളിൽ നിന്ന് കേട്ടറിവിൽ നിരവധിപേർ ഗാന്ധിഭവൻ തേടി കുടുംബസമേതം ഇന്ന് എത്തുന്നു. ഗാന്ധിഭവൻ ഒരുതവണ സന്ദർശിച്ചാൽ, അവിടുത്തെ അച്ഛനമ്മമാരെയും കുട്ടികളെയും കണ്ടാൽ, അവരുടെ ജീവിത സാഹചര്യങ്ങൾ അറിഞ്ഞാൽ, സ്വന്തം മക്കളിൽ മാതാപിതാക്കളോടുള്ള സ്നേഹം വർധിക്കുമെന്ന് എല്ലാവരും വിശ്വസിക്കുന്നു. അത്യാർഭാടങ്ങളുടെ ചട്ടക്കൂടുകളിൽ നിന്ന് മക്കളെയും കൂട്ടി ഗാന്ധിഭവൻ സന്ദർശിക്കാനെത്തുന്ന മാതാപിതാക്കളൊക്കെത്തന്നെയും വിദ്യാസമ്പന്നരും സമൂഹത്തിൽ നല്ലതുറകളിലും നല്ല ജീവിതചുറ്റുപാടുകളിൽ കഴിയുന്നവരുമാനിന്നതാണ് പ്രാധാന്യമേറുന്നത്.

ഗാന്ധിയൻ ആദർശങ്ങൾ മുറുകെ പിടിച്ച് സ്വന്തംജീവിതം ഉപേക്ഷിക്കപ്പെട്ടവർക്കായി ഉഴിഞ്ഞുവെച്ച ഡോ. പുനലൂർ സോമരാജൻ, ഏഷ്യകണ്ട ഏറ്റവും വലിയ ജീവകാരുണ്യ കുടുംബത്തിന്റെ സാരഥിയാണിന്ന്. ആരും സംരക്ഷിക്കാനില്ലാത്ത ഒരു വൃദ്ധമാതാവിനെ വീട്ടിൽ കൂട്ടിക്കൊണ്ടുവന്നു ഭക്ഷണം നൽകിയും പരിചരിച്ചും 2002ൽ ആരംഭിച്ച ജീവകാരുണ്യപ്രവർത്തനം ലോകത്തിനു തന്നെ മാതൃകയായി മാറിയിരിക്കുന്നു.

പ്രായമായാൽ മാതാപിതാക്കളെ ഉപേക്ഷിക്കുന്ന ഇന്നത്തെ സമൂഹത്തോടൊന്നടങ്കം മാതാപിതാക്കളെ ഉപേക്ഷിക്കരുതെന്ന് പുനലൂർ സോമരാജൻ പറയുകയും പ്രചരിപ്പിക്കുകയുമാണ്. പെറ്റവയറിനുടമയായ അമ്മയെയും വളർത്തി വലുതാക്കി സ്വയംപ്രാപ്തി നൽകിയ അച്ഛനെയും ഉപേക്ഷിക്കരുതെന്ന് ഉദ്ഘോഷിക്കുന്ന ഗാന്ധിഭവന്റെ 'ഗുരുവന്ദനസംഗമം' എന്ന പരിപാടി വരും നാളുകളിൽ ചരിത്രത്താളുകളിൽ എഴുതപ്പെടുമെന്ന് ചൂണ്ടിക്കാട്ടി 1350 ദിവസങ്ങൾ പിന്നിട്ടിരിക്കുന്നു. സദ്ബോധവത്കരണം ലക്ഷ്യമിട്ട് ഇത്രയധികം പേർ പങ്കെടുത്ത് വിജയം കണ്ട ഇത്തരമൊരു കാമ്പയിൻ ലോകചരിത്രത്തിൽ ഇതുവരെ ഉണ്ടായതായി എവിടെയും രേഖപ്പെടുത്തപ്പെട്ടിട്ടില്ല.



സ്ഥലപരിമിതികളിൽ ബുദ്ധിമുട്ടുകയാണെങ്കിലും കോടതിയുടെയും, പോലീസിന്റെയും, സന്നദ്ധസംഘടനകളുടെയും, ജനപ്രതിനിധികളുടെയും നിർദ്ദേശത്തിലും വഴിയോരങ്ങളിലും ആശുപത്രി വരാന്തകളിലും ഉപേക്ഷിക്കപ്പെട്ടവരായി നിരവധി പേർ ഗാന്ധിഭവനിലേക്ക് അഭയം തേടി ഇന്നും വരുകയാണ്. ഒപ്പം ചിലവുകളുടെ ഭാരവും ഏറുകയാണ്.

ഡോ. പുനലൂർ സോമരാജനെന്ന അശരണരുടെയും നിരാശ്രയരുടെയും അഭയമായ കരങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് ഭാര്യ പ്രസന്ന, മകൻ പി.എസ് അമൽരാജ്, മകൾ അമിത, മരുമകൻ ആയുഷ്.ജെ.പ്രതാപ്, മരുമകൾ മായ, ചെറുമക്കൾ, തങ്ങളുടെ മക്കളായി കരുതുന്ന ജി.ഭുവനചന്ദ്രൻ, കെ.ഉദയകുമാർ തുടങ്ങി അനേകം യുവാക്കളും ഈ ജീവകാരുണ്യ കുടുംബത്തിന്റെ ഭാഗമാകുമ്പോൾ ഗാന്ധിഭവനിൽ വിശുദ്ധിയുടെയും, സ്നേഹ സാന്ത്വനത്തിന്റേയും ഹൃദ്യമായ സ്നേഹപ്പീലികൾ ഇഴവിരിയുകയാണ്.